(സി) പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉൽപ്പന്നങ്ങളായ പനമ്പ്, ബാംബൂപ്ലൈ എന്നിവ മതിയായ വിലയ്ക്ക് വിൽക്കുവാൻ സാധിക്കാത്തതാണ് പ്രതിസന്ധിയുടെ പ്രധാന കാരണം. കേരള സർക്കാർ പനമ്പിന് കേന്ദ്ര വിൽപ്പന നികുതി ഒഴിവാക്കിയിരുന്നു. പക്ഷെ കേന്ദ്ര സർക്കാർ കേന്ദ്ര വിൽപ്പന നികുതി നിയമത്തിൽ വരുത്തിയ മാറ്റങ്ങൾമൂലം അന്യസംസ്ഥാനങ്ങളിലേക്കു വിൽക്കുന്ന പനമ്പിന് 'സി' ഫോറം നിർബ്ബന്ധമാക്കി. അതുകൊണ്ട് പനമ്പിന്റെ അന്യ സംസ്ഥാന ഉപഭോക്താക്കളായ എഫ്. സി. ഐ., സി. ഡബ്ല്യു. സി., പഞ്ചസാര മില്ലുകൾ എന്നിവയ്ക്ക് 'സി' ഫോറം നൽകാൻ സാധിക്കാത്തതുമൂലം 10% കേന്ദ്ര വിൽപ്പന നികുതി ഈടാക്കേണ്ടി വന്നത് കോർപ്പറേഷന്റെ പനമ്പ് വിൽപ്പനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(സി) ഉൽപ്പന്നങ്ങൾ അൽപ്പം വിലക്കുറച്ചാണെങ്കിലും വിറ്റഴിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കോർപ്പറേഷന്റെ വിൽപ്പന വിഭാഗം കൂടുതൽ ജീവനക്കാരെ നിയമിച്ച് ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി വിലക്കുറവുള്ള ബാംബൂപ്ലൈകളും ഒരു വശം ലാമിനേറ്റ് ചെയ്ത ബോർഡുകളും വികസിപ്പിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു.

ടെൽക്കിന്റെ സ്വകാര്യവൽക്കരണം

28 [3433] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, അങ്കമാലി നാലുവർഷം കഴിയുമ്പോൾ സ്വകാര്യവൽക്കരിക്കുമെന്ന് കാണിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) 2002-2003 വർഷത്തിൽ ലാഭത്തിൽ ആകുകയും വരും വർഷങ്ങളിൽ വിദേശത്തെ അടക്കം ധാരാളം ഓർഡറുകൾ ലഭ്യമാകുകയും ചെയ്തിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്ത് ടെൽക്ക് പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇ. ആർ. സി. ശുപാർശപ്രകാരം സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ നിർദ്ദേശങ്ങൾ അനുസരിച്ച് ഇപ്പോൾ 26% മുതൽ 49% വരെ ഓഹരികൾ സ്വകാര്യ നിക്ഷേപകർക്ക് കൈമാറാനും നാലുവർഷംകൊണ്ട് സർക്കാരിന്റെ ഓഹരി നിക്ഷേപം പൂർണ്ണമായും പിൻവലിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടെൽക്കിന്റെ പുനരുദ്ധാരണം സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച നിവേദനങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

കെൽടെകിലെ നിയമനങ്ങൾ

29 [3434] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസ്ഥായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനമായ കേരള ഹൈടെക് ഇൻഡസ്ട്രീസ് കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ;

(ബി) കെൽടെകിൽ വിവിധ തസ്തികകളിലായി നിലവിൽ എത്ര ഒഴിവു കളുണ്ട്;

(സി) നിയമനങ്ങൾ ഉടൻ നടത്തുമോ;

(ഡി) ഇവ സ്ഥിര നിയമനങ്ങളാവുമോ എന്നറിയിക്കാമോ;

(ഇ) ഇപ്പോഴുള്ള ജീവനക്കാരുടെ തരംതിരിച്ചുള്ള (സ്ഥിരം, കോൺട്രാക്ട്) ലിസ്റ്റ് ലഭ്യമാക്കുമോ;

(എഫ്) കെൽടെകിൽ നിലവിലുള്ള 1992-ലെ ശമ്പള സ്കെയിൽ പരിഷ്കരിച്ച് 1997-ലെ ശമ്പള വ്യവസ്ഥ ആക്കുവാനാവശ്യമായ നടപടി ഏതുഘട്ടം വരെയായി എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള ഹൈടെക് ഇൻഡസ്ട്രീസ് ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള ഗവൺമെന്റ്, കേന്ദ്രഗവൺമെന്റിന് കത്ത് സമർപ്പിച്ചിട്ടുണ്ട്. മറുപടിയൊന്നും ലഭിച്ചിട്ടില്ല.

(ബി) ഇപ്പോൾ 47 ഒഴിവുകളാണ് നിലവിലുള്ളത്.

(സി) 47 ഒഴിവുകൾ നികത്തുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. നിയമനങ്ങൾ സംബന്ധിച്ച നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ ഒരു വർഷത്തേക്ക് താൽക്കാലിക നിയമനമാണ്.

(ഇ) ഇപ്പോൾ 248 സ്ഥിര ജീവനക്കാരാണ് ഉള്ളത്. കോൺട്രാക്ട് അടിസ്ഥാനത്തിൽ ജീവനക്കാരില്ല. എന്നാൽ ചില ജോലികൾ അംഗീകൃത കോൺട്രാക്ടർമാർ മുഖേന ചെയ്യിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly